**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2176** 13.06.2019 - ൽ മറുപടിക്ക്.

# സിവിൽ സപ്ലൈസ് രംഗത്തെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഒ രാജഗോപാൽ:** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കടകളിൽ മുൻഗണനാ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകേണ്ട ഭക്ഷ്യ സാധനങ്ങൾക്ക് ബില്ലുകൾ ഇട്ടശേഷം സ്വകാര്യ മില്ലുകൾക്ക് മറിച്ചുവിറ്റ് റേഷൻ കടക്കാർ അമിതലാഭം നേടുന്നതായും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായും ഉള്ള ആക്ഷേപങ്ങൾ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ; | **(എ)** ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-പോസ് അധിഷ്ഠിത റേഷൻ വിതരണം നടപ്പിൽ വരുത്തിയ ശേഷം യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കാൻ സാധിക്കുന്നുണ്ട്. 97% കാർഡുടമകളും ആധാർ ആതന്റിക്കേഷൻ/OTP മുഖേനയാണ് റേഷൻ കൈപ്പറ്റുന്നത്. |
| **(ബി)** സിവിൽ സപ്ലൈസ് ഗോഡൗണുകൾ വഴി ടൺകണക്കിന് ഭക്ഷ്യധാന്യങ്ങൾ കടത്തിക്കൊണ്ടുപോയി പോളിഷ് ചെയ്ത് വൻവിലയ്ക്ക് വില്ക്കുന്നത് തടയുവാൻ കർശന നടപടി സ്വീകരിക്കുമോ; | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റോക്കിംഗിലും വിതരണത്തിലും കൃത്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) വരവ് ചെലവുകൾ SCMS/DMS സോഫ്റ്റ് വെയറുകൾ മുഖേന അക്കൗണ്ട് ചെയ്ത് ബിൽ പ്രകാരം വിതരണം ചെയ്യുന്നു.<br>2) കടത്തുകരാർ നിബന്ധനയിൽ ഉൾപ്പെടുത്തി റേഷൻ കടയുടെ വാതിൽപ്പടിയിൽ തൂക്കം ബോദ്ധ്യപ്പെടുത്തി നൽകി സാക്ഷ്യപത്രം വാങ്ങുന്നു.<br>3) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ക്രമമായ പരിശോധന പ്രകാരം സ്റ്റോക്ക് വിതരണത്തിലെ കൃത്യതയും ഉറപ്പുവരുത്തുന്നു. |
| **(സി)** ഇതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കുമോയെന്നു അറിയിക്കുമോ? | **(സി)** സിവിൽ സപ്ലൈസ് ഗോഡൗണിലെ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ക്രമക്കേട് നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**